ചെരുപ്പ് ധരിക്കുന്നതിലും മുടി ചീകുന്നതിലും ശുദ്ധി
വരുത്തുന്നതിലും തൻ്റെ മറ്റെല്ലാ കാര്യങ്ങളിലും വലതിനെ
മുന്തിക്കുന്നത് നബി -صلى الله عليه وسلم- ക്ക് ഇഷ്ടമായിരുന്നു
മുഅ്മീനീങ്ങളുടെ മാതാവ്, ആഇശ -اَهْنَع هُ

َ ِض َي الل
ر- നിവേദനം: "ചെരുപ്പ് ധരിക്കുന്നതിലും മുടി
ചീകുന്നതിലും ശുദ്ധി വരുത്തുന്നതിലും തൻ്റെ മറ്റെല്ലാ കാര്യങ്ങളിലും വലതിനെ
മുന്തിക്കുന്നത് നബി -صلى الله عليه وسلم- ക്ക് ഇഷ്ടമായിരുന്നു."
[സ്വഹീഹ്] [ബുഖാരിയും മുസ്ലിമും ഉദ്ധരിച്ചത്]
ആദരവിനോട് യോജിക്കുന്ന കാര്യങ്ങളിലെല്ലാം വലത് കൊണ്ട് ആരംഭിക്കുകയും അതിന് മുൻഗണന
നൽകുകയും ചെയ്യുന്നത് നബി -صلى الله عليه وسلم- ക്ക് ഇഷ്ടമായിരുന്നു. അതിൽ പെട്ടതാണ്: ചെരുപ്പ്
ധരിക്കുമ്പോൾ വലതു കാലിൽ ആദ്യം ചെരുപ്പ് ധരിക്കുക എന്നതും, മുടിയും താടിയും ചീകുന്ന
വേളയിലും എണ്ണ തേക്കുമ്പോഴും വലതു ഭാഗം ആദ്യം ആരംഭിക്കുക എന്നതുമെല്ലാം. വുദൂഅ്
ചെയ്യുന്ന വേളയിൽ കൈകാലുകളിൽ വലത്തേത് ആദ്യം കഴുകുക എന്നതും ഇതിൻ്റെ ഭാഗം തന്നെ.
https://sunnah.global/hadeeth/ml/show/3018